**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2584** **04-03-2025 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയെ വിപുലപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി മേഖലയെ വിപുലപ്പെടുത്താൻ എന്തൊക്കെ പദ്ധതികളാണ് വകുപ്പ് നടത്തുന്നത് എന്ന് വിശദമാക്കാമോ; | (എ) | കൈത്തറി മേഖലയെ വിപുലപ്പെടുത്തുന്നതിനു വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഇതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ ഏറ്റവും മുന്നിട്ടു നിൽക്കുന്നതും കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി 2017-18 അധ്യയന വർഷം മുതൽ സർക്കാർ നടപ്പിലാക്കി വരുന്നതുമായ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. നിലവിൽ ഏകദേശം 6152 നെയ്ത്തുകാരും, 1600അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നു. നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും, അധിക വരുമാനവും ലഭ്യമാക്കുവാനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്.<br><br>സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി ഈ സാമ്പത്തിക വർഷം 75 കോടി രൂപ വകയിരുത്തിയതിൽ 43.5 കോടി രൂപ റിലീസ് ചെയ്യുകയും ബാക്കി തുകയായ 31.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി ഇതുവരെ സർക്കാർ 614.98 കോടി രൂപ ചെലവഴിച്ചതിൽ 361.98 കോടി രൂപ നെയ്ത്തു കൂലിയിനത്തിൽ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ അപ്പക്സ് സംഘമായ ഹാന്റക്സിന്റെ പുനരുദ്ധാരണ പദ്ധതിയ്ക്കായി 6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും, ടി തുക വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ, 2025-26 സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തു. |

കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും ഭാവിയിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി അഞ്ചംഗ കൈത്തറി വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. കൈത്തറി ഉദ്പാദനവും വിപണനവുമായി ബന്ധപ്പെട്ട വിവിധ ഏജൻസികൾ, കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ എന്നിവയുമായി നേരിട്ട് ഇടപെട്ട് കൈത്തറി മേഖലയിലെ നിലവിലെ അവസ്ഥ പ്രസ്തുത സമിതി പഠിക്കുകയും അതുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കൈത്തറി മേഖലയുടെ പുരോഗമനത്തിനായുള്ള ശിപാർശകൾ രൂപപ്പെടുത്തി സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യം വെച്ചും മൂല്യവർദ്ധിത കൈത്തറി ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും കേരള കൈത്തറി ബ്രാൻഡിംഗ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുവേണ്ടി ‘ക’ എന്ന ഒരു ലോഗോ പ്രകാശനം ചെയ്യുകയുണ്ടായി. ഇത്തരത്തിൽ കേരളത്തിലെ കൈത്തറി മേഖലയിൽ ഉല്പാദിപ്പിക്കുന്ന എല്ലാ മൂല്യ വർദ്ധിത കൈത്തറി തുണിത്തരങ്ങളും ബ്രാൻഡ് ചെയ്യുന്നതിന് വേണ്ടിയുള്ള രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട ബ്ലീച്ചിംഗ്, സൈസിംഗ്, ഡൈയിംഗ്, പ്രിന്റിംഗ്, ഫിനിഷിംഗ് തുടങ്ങിയ മൂല്യ വർധന പ്രക്രിയകൾ സംസ്ഥാനത്ത് തന്നെ ലഭ്യമാക്കുന്നതിനായി കണ്ണൂർ കിൻഫ്ര ടെക്സ്റ്റയിൽ പാർക്കിൽ 'നാടുകാണി ടെക്സ്റ്റൈൽസ് ഡൈയിംഗ് ആന്റ് പ്രിന്റിംഗ് സെന്റർ' പദ്ധതി നടപ്പിലാക്കാനുള്ള നടപടികളും നടന്നു വരുന്നു.

കൈത്തറി വസ്ത്രങ്ങളിൽ കാലിക പ്രസക്തമായ ഡിസൈനുകൾ രൂപീകരിച്ച് നവീകരിച്ച ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തി കൈത്തറി വിപണി മെച്ചപ്പെടുത്തി മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഡിസൈനർ സ്റ്റുഡിയോകൾ സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൈത്തറി നെയ്ത്തു വ്യവസായ രംഗത്ത് തൊഴിൽരഹിതരായ യുവജനങ്ങളെ (18 നും 40 നും മദ്ധ്യേ പ്രായമുള്ള യുവതീ യുവാക്കൾ)

| | | | |
|---|---|---|---|
| | | | ആകർഷിക്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതു വഴി കൈത്തറി മേഖല കൂടുതൽ വികസിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച നടപ്പിലാക്കുന്ന പദ്ധതിയാണ് യുവവീവ് പദ്ധതി. പദ്ധതിയിലൂടെ 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യമായി കൈത്തറി നെയ്ത്ത് പരിശീലനം നൽകുകയും 6 മാസ പരിശീലന കാലയളവിൽ സ്റ്റൈപന്റും, പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നു.<br><br>**<u>മേൽ പദ്ധതികൾക്കു പുറമേ സംസ്ഥാനത്ത് കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന മറ്റു ചില പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു</u>**<br><br>1. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം<br>2. ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം<br>3. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി<br>4. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ<br>5. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി<br>6. കൈത്തറി ഗ്രാമം / സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുക<br>7. കാഞ്ഞിരോട് കൈത്തറി ഗ്രാമം/ഹാന്റ് ലൂം വില്ലേജ്<br>8. കൈത്തറി നെയ്ത്തുകാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി<br>9. കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി<br>10. വിപണന - കയറ്റുമതി പ്രോത്സാഹനം<br>11. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും<br>12. പരിശീലന, വൈദഗ്ധ്യ ശേഷി വികസന പരിപാടി<br>13. അംശദാനമിതവ്യയ പദ്ധതി<br>14. റിബേറ്റ് പദ്ധതി<br>15. മാർക്കറ്റിംഗ് ഇൻസെന്റീവ് |

| | | | |
|---|---|---|---|
| (ബി) | ഈ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ നില മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകാമോ? | (ബി) | മേൽപ്പറഞ്ഞ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതിനാൽ ഈ മേഖലയിൽ ജോലി ചെയ്യുന്നവരുടെ നില മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്.<br><br>കൈത്തറി മേഖലയുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പുനരുദ്ധാരണത്തിനുമായി രൂപീകരിച്ചിട്ടുള്ള അഞ്ചംഗ വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ